# ആട് വളർത്തൽ

(GOAT REARING)



കൃഷി വിജ്ഞാന കേന്ദ്രം,
അമ്പലവയൽ,
വയനാട് - 673 593.

## ആട് വളർത്തൽ

ആട് പാവപ്പെട്ടവന്റെ പശു എന്നറിയപ്പെടുന്നു. ഈ തൊഴിൽ ലാഭകരമാക്കാൻ ചില കാര്യങ്ങൾ അനുവർത്തിക്കേണ്ടതാണ്. ഇവയെ വളർത്താൻ മുതൽമുടക്ക് താരതമ്യേന കുറവ്. വീടിന് ചരിപ്പുണ്ടാക്കി പലകകളോ, തടിക്കഷണങ്ങളോകൊണ്ട് പ്ലാറ്റ്ഫോം ഉണ്ടാക്കിയാൽ ആട്ടിൻകൂടായി.

തീറ്റ ചിലവ് കുറവ് - ഇലയും പച്ചപ്പുല്ലും നൽകി സമീകൃത തീറ്റയുടെ അളവ് ചുരുക്കാം. വർഷത്തിൽ രണ്ട് പ്രസവം കാരണം കുട്ടികളെ വിറ്റ് ആദായമുണ്ടാക്കാം. ആട്ടിറച്ചിക്ക് നല്ല വിപണി, കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും ഒരുപോലെ കഴിക്കാൻ പറ്റിയതാണ് ആട്ടിൻപാൽ.

ആട് വളർത്തൽ ലാഭകരമാക്കാൻ മെച്ചപ്പെട്ട ജനുസിന്റെ ലഭ്യത ഉറപ്പു വരുത്തണം. കേരളത്തിൽ വളർത്താൻ (പാലിനും, ഇറച്ചിക്കും) പറ്റിയ ഇനങ്ങളാണ് മലബാറി, സാനൻ-മലബാറി സങ്കരയിനം ആടുകൾ. മലബാറി ആടുകളെ കേരളത്തിന്റെ വടക്കൻ ജില്ലകളായ കണ്ണൂർ, തലശ്ശേരി, വടകര എന്നീ പ്രദേശങ്ങളിൽ ലഭ്യമാണ്.

മൂന്ന് മാസം പ്രായമുള്ള ആട്ടിൻകുട്ടികളെയാണ് വളർത്താൻ ഏറ്റവും ഉത്തമം. അപ്പോൾ ഇവയ്ക്ക് ഏകദേശം 7-8 കിലോഗ്രാം ശരീരതൂക്കം ഉണ്ടാകും.

നീളമുള്ള ചെവികളും അഴകുള്ള നീണ്ട മുഖവും വടിവൊത്ത അകിടും, മുട്ടനാടുകൾക്ക് പിന്നോട്ട് വളഞ്ഞ കൊമ്പുകളും എന്നിവ മലബാറി ആടുകളുടെ പ്രത്യേകതയാണ്.

## പാർപ്പിടം

ഒരാടിന് ശരാശരി 1.8 ചതുരശ്രമീറ്റർ എന്ന കണക്കിൽ സ്ഥലം നൽകണം. തണ്ടാടുകൾക്കും കുട്ടികൾക്കുമായി 6 ചതുരശ്ര മീറ്റർ സ്ഥലമേ ആവശ്യമുള്ളൂ. തറയിൽ നിന്ന് ഒരടി പൊക്കത്തിൽ പ്ലാറ്റ്ഫോമുകൾ ഉണ്ടാക്കിയാൽ അവയെ തണുപ്പിൽ നിന്ന് രക്ഷിക്കാം. മേച്ചിൽ സ്ഥലത്തിന്റെ പരിമിതി കാരണം കൂട്ടിൽ തന്നെ പുല്ലും തീറ്റയും നൽകി വളർത്തുന്നതാണ് ഏറ്റവും ഉത്തമം.

## ആട്ടിൻകുട്ടികളുടെ പരിപാലനം

കുട്ടി ജനിച്ച് തുടർന്നുള്ള 5 ദിവസങ്ങളിൽ അവയ്ക്ക് കന്നിപ്പാൽ തന്നെ നൽകണം. രോഗപ്രതിരോധശക്തിയും ഇവയ്ക്ക് ആവശ്യമായ മാംസ്യവും, ജീവകങ്ങളും, ധാതുലവണങ്ങളും ഈ പാലിൽ നിന്ന് ലഭിക്കും. തുടർന്ന് മൂന്നാം മാസം വരെ പാൽ കൊടുക്കേണ്ടതും ആവശ്യമാണ്. ആദ്യത്തെ രണ്ടാഴ്ച പ്രായം മുതൽ നാരിന്റെ അംശം കുറഞ്ഞ, മാംസ്യം കൂടുതൽ അടങ്ങിയ തീറ്റ മിശ്രിതം ചെറിയ അളവിൽ കൊടുത്തു തുടങ്ങാം. സാധാരണ ഗതിയിൽ 6-ാം മാസത്തിൽ 10-12 കിലോ ഗ്രാം തൂക്കം വയ്ക്കുന്ന മലബാറി ആടുകൾക്ക് നാര് കുറഞ്ഞ തീറ്റ (8%മാത്രം) നൽകിയപ്പോൾ 25 കിലോഗ്രാം വരെ ഭാരം വയ്ക്കുന്നതായി പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഇതിനാൽ ഈ ആടുകളെ ഇറച്ചിക്കായി തന്നെ വളർത്താവുന്നതാണ്. 8-ാം മാസം മുതൽ ഒരു വയസ്സിനുള്ളിൽ വിപണനം നടത്തുകയും ചെയ്യാം. 4 മാസം പ്രായമുള്ളപ്പോൾ ഇവയ്ക്ക് വിരശല്യം ഒഴിവാക്കാനായി മരുന്ന് നൽകാവുന്നതാണ്.

പ്രായപൂർത്തിയായ മേയാൻ അനുവദിക്കാത്ത ആടുകൾക്ക് 3-4 കി.ഗ്രാം പച്ചപ്പുല്ലും, 200-400ഗ്രാം തീറ്റ മിശ്രിതവും നൽകണം. പിണ്ണാക്ക്, തവിട്, ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, ധാതുലവണങ്ങൾ, ഉപ്പ് എന്നിവ വേണ്ട അളവിൽ ചേർത്ത മിശ്രിതം തന്നെ കൊടുക്കണം. ശ്വാസകോശ രോഗങ്ങൾ ഒഴിവാക്കാനായി ഇവയ്ക്ക് പെല്ലറ്റ് (കഷ്ണങ്ങൾ) രൂപത്തിലുള്ള തീറ്റ നൽകാവുന്നതാണ്.

## പ്രജനനം

8-ാം മാസം മുതൽ ഒരു വയസ്സിനുള്ളിൽ പെണ്ണാടുകൾക്ക് പ്രായപൂർത്തിയാകുന്നു. ഈ കാലയളവിൽ അവയ്ക്ക് 15-20 കി.ഗ്രാം തൂക്കം കാണും. ഈ സമയത്ത് ഇണചേർക്കാവുന്നതാണ്.

ഇണചേർക്കാനുള്ള ആണാടുകളെ പ്രത്യേക കൂട്ടിൽ സംരക്ഷിക്കണം. ഗുണമേന്മയുള്ള ജനുസ്സുകളെ തന്നെ ഇണചേർക്കാൻ ശ്രദ്ധിക്കുക. ഒരു

വയസ്സിന് മേലെ പ്രായമുള്ള മുട്ടനെ ഇതിനായി ഉപയോഗിക്കാം. ഒരു പ്രദേശത്തെ ആടുകളെ ഇണചേർക്കാൻ 10 പെണ്ണാടിന് ഒരു മുട്ടനാട് എന്നതോതിൽ വളർത്തിയാൽ മതി.

ചനയുള്ള ആടുകൾക്ക് നാലാമത്തേയും അഞ്ചാമത്തേയും മാസത്തിൽ 100-200 ഗ്രാം വരെ തീറ്റ മിശ്രിതം അധികമായി നൽകണം. ഇവയുടെ ഗർഭകാലം 5 മാസമാണ്. തീറ്റ, വെള്ളം മുതലായവ ശുചിയായ പാത്രങ്ങളിൽ കൊടുക്കുക. ഷെഡ്ഡ് വൃത്തിയായി സൂക്ഷിക്കുക. ചെള്ള്, പേൻ ഇവയെ ഒഴിവാക്കുക എന്നീ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ വിദഗ്ധ ചികിത്സ നൽകുക.

കറവയുള്ള ആടുകൾക്ക് സാധാരണ തീറ്റയ്ക്ക് പുറമെ ഒരു ലിറ്റർ പാലിന് 400 ഗ്രാം എന്ന തോതിൽ അധിക തീറ്റ നൽകണം. പഴകിയതോ പൂപ്പലുള്ളതോ ആയ തീറ്റ നൽകരുത്. പച്ചിലകൾ കൂടുതൽ നനവില്ലാതെ കൊടുക്കാൻ ശ്രദ്ധിക്കണം.

## രോഗപ്രതിരോധം

ആടുകളിൽ കണ്ടുവരാറുള്ള അടപ്പൻ, കരളടപ്പൻ, കരിങ്കാൽ, കുളമ്പുദീനം എന്നീ രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവെപ്പുകൾ നൽകണം. ശ്വാസകോശ രോഗങ്ങൾ വരാതെയും പ്രത്യേകം ശ്രദ്ധിക്കണം.

ആടുവളർത്തലിൽ ലോകത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഭാരതത്തിൽ 8 കോടിയിലേറെ ആടുകൾ ഉണ്ടെന്നാണ് ഭക്ഷ്യകാർഷിക സംഘടനയുടെ 1984 -ലെ കണക്ക്. ഇതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 40% ആളുകളുടേയും വരുമാന മാർഗ്ഗം ആടുവളർത്തലാണെന്ന് ഈ റിപ്പോർട്ടിൽ പറയുന്നു. അതിനാൽ മെച്ചപ്പെട്ട ആദായം ഉണ്ടാക്കാൻ ആട് വളർത്തലിൽ ഏർപ്പെടുക.


തയ്യാറാക്കിയത് :

**ഡോക്ടർ എ. രാധമ്മ പിള്ള**

അസോസിയേറ്റ് പ്രൊഫസർ.


Co-op. SBY. Ph. 22/325